(സി) പാട്ടത്തുകയായി എത്ര സംഖ്യ സർക്കാരിന് ലഭിക്കുന്നു ;

(ഡി) ഇനി എത്ര ഭൂമി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഭൂമി ഒരു സ്വകാര്യവ്യക്തി തട്ടിയെടുക്കാൻ ശ്രമിക്കുന്നതായ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ചെന്നൈയിലെ മലയാളികളുടെ ആഗ്രഹം കൂടി കണക്കിലെടുത്ത് കേരള ഹൗസ് മാതൃകയിൽ ഒരു കേന്ദ്രം പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) കേരള സർക്കാരിന്റെ വകയായി ചെന്നൈയിൽ നുംഗംബക്കം വില്ലേജിൽ എമ്മൂർ താലൂക്കിലുള്ള സർവേ നമ്പർ 69-ൽ സ്ഥിതി ചെയ്യുന്ന 55 സെന്റ് സ്ഥലം കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന് 99 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്.

(സി) പാട്ടത്തുകയൊന്നും ലഭിക്കുന്നില്ല.

(ഡി) മറ്റു ഭൂമിയൊന്നും അവശേഷിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ചെന്നൈയിലുള്ള പ്രസ്തുത 55 സെന്റ് ഭൂമിയുടെ വിനിയോഗം സംബന്ധിച്ചുള്ള കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിലേയ്ക്ക് നിർദ്ദേശം സമർപ്പിക്കുന്നതിനായി 25-1-2005-ലെ സർക്കാർ ഉത്തരവു പ്രകാരം ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്.

തലസ്ഥാന മേഖലാ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക വകുപ്പ്

4 [1519] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന മേഖലാ വികസനത്തിന് വേണ്ടി ഏതെല്ലാം സംസ്ഥാനങ്ങളിൽ പ്രത്യേക വകുപ്പ് നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് തലസ്ഥാന മേഖലാ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനാവശ്യമായ ഭരണ നടപടികൾ ആരംഭിക്കാമോ ?

ഉത്തരം

(എ) വിവരം ലഭ്യമല്ല.

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഒരു നയപരമായ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly